## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5187 | 30.06.2014 ൽ മറുപടിയ്ക്ക്

### കവ്വായി കായൽ രാംസർ സൈറ്റിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള കവ്വായി കായലും അനുബന്ധ പ്രദേശങ്ങളും രാംസർ സൈറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) രാംസർ ഉടമ്പടി അനുസരിച്ച് രാജ്യാന്തരതലത്തിൽ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളെയാണ് രാംസർ സൈറ്റായി പ്രഖ്യാപിക്കുന്നത്. കാസർഗോഡ് ജില്ലയിലെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള കവ്വായി കായലും അനുബന്ധപ്രദേശങ്ങളും രാംസർ സൈറ്റായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പഠിച്ചതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ പ്രദേശങ്ങളിൽ അപൂർവ്വ ഇനത്തിൽപ്പെട്ട മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാകും വിധം മണലൂറ്റുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) രാജ്യത്ത് മണൽ ഉൾപ്പെടുന്ന ലഘുധാതുക്കളുടെ ഖനനത്തിന്, ദീപക് കുമാർ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്. സംസ്ഥാനത്ത്, 21.02.2014 ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് (ജി.ഒ (എം.എസ്) 02/14/പരി) പ്രകാരം മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാത്ത മണൽ ഖനനം നിരോധിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഹരിത ട്രിബ്യൂണൽ 05.08.2013, 29.08.2013 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മുൻകൂർപാരിസ്ഥിതികാനുമതിയില്ലാതെ മണൽ ഖനനം നടത്തുന്നത് നിരോധിച്ചിട്ടുമുണ്ട്. ടി ഉത്തരവുകൾ പ്രസ്തുത പ്രദേശങ്ങൾക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ